# കേരള സർക്കാർ-ജലവിഭവ വകുപ്പ്

## പുനർ ലേല/ക്വട്ടേഷൻ പരസ്യം

നമ്പർ.എ5 (ഡി1) 367/2007 തീയതി-12/09/2018

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കുവേണ്ടി ജലവിഭവ വകുപ്പ് എം.വി.ഐ.പി ഡിവിഷൻ നമ്പർ.4, പിറവം, എക്സിക്യൂട്ടീവ് എഞ്ചിനീയർ പരസ്യപ്പെടുത്തുന്നത്.

മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിക്കുവേണ്ടി ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മീറ്റർ മുതൽ 4215 മീറ്റർ വരെയുള്ള ഭാഗങ്ങളിൽ കനാൽ നിർമ്മാണത്തിനു വേണ്ടി പൊട്ടിച്ചെടുത്ത് കൂട്ടിയിട്ടിരിക്കുന്ന ഉപയോഗയോഗ്യമായ കരിങ്കല്ലുകൾ താഴെ വിവരിക്കുന്ന സ്ഥലത്തും, തീയതിയിലും, സമയങ്ങളിലും എം.വി.ഐ.പി. ഡിവിഷൻ നം.4, എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ലേലം / ക്വട്ടേഷൻ നടത്തി വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേലസ്ഥലത്ത് ഹാജരായി താഴെ വിവരിക്കുന്ന നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യവും, നിലവിലുള്ള നികുതികൾ ഉൾപ്പെടെയുള്ള ക്വോട്ടഡ് തുകയും ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എസ്.ബി.ഐ-യുടെ പിറവം ശാഖയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി ഡിവിഷൻ നം.4, പിറവത്തിന് മാറാവുന്ന തരത്തിൽ ഉള്ള ഡിമാൻഡ് ഡ്രാഫ്റ്റ് സീൽ വച്ച ക്വട്ടേഷൻ കവറിൽ ഉള്ളടക്കം ചെയ്തിരിക്കണം. ഇപ്രകാരം സീൽ ചെയ്ത ക്വട്ടേഷൻ ലേല തീയതിക്ക് മുമ്പുള്ള പ്രവൃത്തി ദിവസം ഈ ഓഫീസിൽ കിട്ടത്തക്ക വിധത്തിൽ രജിസ്റ്റേർഡ് തപാലിലോ, നേരിട്ടോ എത്തിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ ലേലത്തിനു ശേഷം അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിച്ചിട്ടുള്ളയാളുടെയോ / ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളയാളുടെയോ പേരിൽ ലേലം/ക്വട്ടേഷൻ താല്കാലികമായി ഉറപ്പിക്കുന്നതും ലേലം/ ക്വട്ടേഷൻ കൊള്ളുന്നയാൾ അന്നുതന്നെ മുഴുവൻ തുകയും (നിലവിലുള്ള നികുതികൾ ഉൾപ്പെടെ) ഉദ്യോഗസ്ഥൻ നിർദേശിക്കുന്ന ഓഫീസിൽ കെട്ടിവയ്ക്കേണ്ടതും ആകുന്നു. ലേലം സ്ഥിരപ്പെടുത്തിയെന്ന് ഈ ഓഫീസിൽ നിന്നും അറിയിപ്പ് കിട്ടി 7 ദിവസത്തിനകം ലേലവസ്തുക്കൾ സ്വന്തം ചെലവിൽ സൈറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അങ്ങനെ നീക്കം ചെയ്യുമ്പോൾ ലേലത്തിൽ ഉൾപ്പെടാത്തതും, അടുത്തുള്ളതുമായ വസ്തുക്കൾക്ക് യാതൊരു വിധ കുറവുകളോ, നഷ്ടങ്ങളോ സംഭവിക്കാൻ പാടില്ലാത്തതാണ്. ഇപ്രകാരം സംഭവിച്ചാൽ ലേലം കൊണ്ടയാളുടെ ചെലവിലും, ഉത്തരവാദിത്വത്തിലും നാശ നഷ്ടങ്ങൾ തീർത്തുകൊള്ളേണ്ടതാണ്. ലേല തീയതി ഏതെങ്കിലും കാരണവശാൽ അവധിയായി സർക്കാർ പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, അതേ സമയത്തും ലേലം നടത്തുന്നതാണ്.

പൊതുമരാമത്ത് / ജലസേചന വകുപ്പിൽ നിലവിലുള്ള ലേലം / ക്വട്ടേഷൻ സംബന്ധമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ലേല ദിവസത്തിന് മുൻപുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

| ക്രമ നമ്പർ | ഡിവിഷൻ എസ്.ആർ നമ്പർ | ലേല വസ്തുക്കൾ | നിരത ദ്രവ്യം | ലേലസ്ഥലവും, തീയതിയും, സമയവും |
|---|---|---|---|---|
| 1 | 4/2016-17, 1/17-18, 4/18-19 | ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെ.1950മീ.നും 2000മീ.നും ഇടയ്ക്കുളള 3250കുബി. മീ. വരുന്ന ഉപയോഗയോഗ്യമായ കരിങ്കല്ലുകൾ | 50,000/- രൂപ | കൊളളിക്കലുളള എം.വി.ഐ.പി ഡിവിഷൻ നം.4, പിറവം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ 24/09/18, 11.00 എ.എം |
| 2 | 2/2017-18, 3/17-18, 2/18-19, 3/18-19 | ഇടയാർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെ.1300മീ.നും 1725മീ.നും ഇടയ്ക്കുളള 5764കുബി. മീ. വരുന്ന ഉപയോഗയോഗ്യമായ കരിങ്കല്ലുകൾ | 50,000/- രൂപ | കൊളളിക്കലുളള എം.വി.ഐ.പി ഡിവിഷൻ നം.4, പിറവം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ 24/09/18, 11.30 എ.എം |
| | | | | |

എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരളാ ഗവർണ്ണർക്കുവേണ്ടി)

പകർപ്പ്

1. ഐ.റ്റി.സെൽ, തിരുവനന്തപുരം
2. സൂപ്രണ്ടിംഗ് എൻജിനീയർ, പ്രോജക്ട് സർക്കിൾ , മൂവാറ്റുവുഴ
3. മുൻസിപ്പാലിറ്റി, കൂത്താട്ടുകുളം
4. മുൻസിപ്പാലിറ്റി, പിറവം
5. ഗ്രാമപഞ്ചായത്ത്, തിരുമാറാടി
5. വില്ലേജ് ഓഫീസ്, കൂത്താട്ടുകുളം
6. സൂപ്രണ്ടിംഗ് എൻജിനീയർ, പ്രോജക്ട് സർക്കിൾ, പിറവം
7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം വി ഐ പി സബ്ബ് ഡിവിഷൻനമ്പർ.14, കുറുപ്പന്തറ,
8. ഇറിഗേഷൻ സബ്ബ് ഡിവിഷൻ, പിറവം.
9. നോട്ടീസ് ബോർഡ്
10. ലോക്കൽ